**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1580** **08-12-2022 - ൽ മറുപടിയ്ക്ക്**

**സർഫാസി , റവന്യൂ റിക്കവറി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാങ്കുകൾ മുഖേന വായ്പ എടുത്ത കർഷകരും പാവപ്പെട്ടവരും സർഫാസി, റവന്യൂ റിക്കറി നിയമ പ്രകാരം ജപ്തി നടപടിയും കുടിയിറക്ക് ഭീഷണിയും നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർഫാസി നിയമ പ്രകാരം നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പ് മുഖാന്തരം അല്ല. റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി നടപടികൾ സ്വീകരിച്ച് വരുന്നതാണ്. എന്നാൽ ടി നിയമ പ്രകാരം ആരെയും കുടിയിറക്കിയിട്ടില്ലാത്തതാണ്. കൃഷിഭൂമി പണയപ്പെടുത്തി എടുത്ത കാർഷിക വായ്പകൾക്ക് സർഫാസി നിയമം ബാധകമല്ല |
| (ബി) | കർഷകർ ആധാരം പണയപ്പെടുത്തി എടുത്തിട്ടുള്ള വായ്പകളെല്ലാം കാർഷിക വായ്പകളായി കണക്കാക്കി പ്രസ്തുത നിയമങ്ങളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ; | (ബി) | അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റിന്റെ (സർഫാസി ആക്റ്റ്) വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കുകയും, ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത സർക്കാർ ഗൗരവമായി കാണുന്നു. |
| (സി) | ഇപ്രകാരം ആയിരക്കണക്കിന് കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റിന്റെ (സർഫാസി ആക്റ്റ്) വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് |

| | | | |
|---|---|---|---|
| | | | അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കുകയും, ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത സർക്കാർ ഗൗരവമായി കാണുന്നു. |
| (ഡി) | യഥാസമയം വായ്പ തിരിച്ചടക്കാൻ കഴിയാത്ത കർഷകർക്ക് ആശ്വാസ നടപടികൾക്ക് സർക്കാർ തലത്തിൽ ഇടപെടൽ നടത്തുമോ; | (ഡി) | റിക്കവറി അദാലത്തുകൾ, മറ്റു വായ്പാ സമാശ്വാസ പദ്ധതികൾ എന്നിവയുടെ ഭാഗമായി അർഹരായ കർഷകർക്ക് പരമാവധി ഇളവുകളോട് കൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പൊതുമേഖലാ ബാങ്കുകൾ നൽകി വരുന്നു.<br><br>സർഫാസി ആക്ട് കേന്ദ്ര നിയമമായതിനാൽ പ്രസ്തുത ആക്ട് പ്രകാരം സ്വീകരിക്കുന്ന നടപടികളിൽ സംസ്ഥാന സർക്കാരിന് ഇടപെടാനാകില്ല. എന്നാൽ റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്ന സർക്കാർ / സഹകരണ ബാങ്ക് കുടിശ്ശികകൾ ഗഡുക്കളായി ഒടുക്കുന്നതിനുള്ള സൗകര്യം സർക്കാർ അനുവദിക്കുന്നുണ്ട്.<br><br>വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേക്കായി നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ബാങ്ക് ആവിഷ്കരിച്ചിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി-കോംപ്രമൈസ് സെറ്റിൽമെന്റ് എന്നീ രണ്ട് പദ്ധതികൾ കേരള ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനായി ഉപയോഗിച്ചുവരുന്ന നാമമാത്രമായ ജാമ്യ വസ്തുക്കളിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് കേരള ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കർഷകരും മത്സ്യത്തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968-ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 20.10.2021-ലെ സ.ഉ(കൈ) നം.201/2021/റവ നമ്പർ ഉത്തരവ് പ്രകാരം 2021 ഡിസംബർ 31 വരെ മോറട്ടോറിയം അനുവദിച്ചിരുന്നു. |
| (ഇ) | സർഫാസി, റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി നടപടികൾ നേരിടുന്ന കർഷകർക്ക് വായ്പ തിരിച്ചടവിനുള്ള കാലാവധി നീട്ടി നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ? | (ഇ) | റിക്കവറി അദാലത്തുകൾ, മറ്റു വായ്പാ സമാശ്വാസ പദ്ധതികൾ എന്നിവയുടെ ഭാഗമായി അർഹരായ കർഷകർക്ക് പരമാവധി ഇളവുകളോട് കൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പൊതുമേഖലാ ബാങ്കുകൾ നൽകി വരുന്നു.<br><br>സർഫാസി ആക്ട് കേന്ദ്ര നിയമമായതിനാൽ പ്രസ്തുത ആക്ട് പ്രകാരം സ്വീകരിക്കുന്ന നടപടികളിൽ സംസ്ഥാന സർക്കാരിന് ഇടപെടാനാകില്ല. എന്നാൽ റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്ന സർക്കാർ / സഹകരണ ബാങ്ക് കുടിശ്ശികകൾ ഗഡുക്കളായി ഒടുക്കുന്നതിനുള്ള സൗകര്യം സർക്കാർ അനുവദിക്കുന്നുണ്ട്.<br><br>വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേക്കായി നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ബാങ്ക് ആവിഷ്കരിച്ചിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി-കോംപ്രമൈസ് സെറ്റിൽമെന്റ് എന്നീ രണ്ട് പദ്ധതികൾ കേരള ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനായി ഉപയോഗിച്ചുവരുന്ന നാമമാത്രമായ ജാമ്യ വസ്തുക്കളിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് കേരള ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കർഷകരും മത്സ്യത്തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968-ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 20.10.2021-ലെ സ.ഉ(കൈ) നം.201/2021/റവ നമ്പർ ഉത്തരവ് പ്രകാരം 2021 ഡിസംബർ 31 വരെ മോറട്ടോറിയം അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ